**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 638** **30-01-2024 - ൽ മറുപടിയ്ക്ക്**

**വ്യവസായ വകുപ്പിന്റെ പ്രധാന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മിഷൻ 1000 പദ്ധതി എന്താണെന്ന് വിശദമാക്കാമോ; | (എ) | കേരളത്തിലെ MSME കളിൽ നിന്നും തിരഞ്ഞെടുക്കുന്ന 1000 MSME കളെ നാല് വർഷത്തിനുള്ളിൽ ആകെ ഒരു ലക്ഷം കോടി വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാരിന്റെ സ്കെയിൽ അപ്പ് മിഷൻ പദ്ധതിയായ "മിഷൻ 1000" വിഭാവനം ചെയ്തിട്ടുള്ളത്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വകുപ്പ് നടപ്പിലാക്കിയ പ്രധാന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വകുപ്പ് നടപ്പിലാക്കിയ പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു:-<br><br>1. ഒരു കുടുംബം, ഒരു സംരംഭം പദ്ധതി<br><br>2. മാനുഫാക്ച്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി<br><br>3. നിലവിലുള്ള എം.എസ്.എം.ഇ- കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്ന് ഇടത്തരം സംരംഭങ്ങളായും, ഉയർത്തിക്കൊണ്ട് വരുന്നതിന് സഹായം നൽകുന്ന പദ്ധതി.<br><br>4. തകർച്ച നേരിടുന്നതും പ്രവർത്തന രഹിതവും ആയ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ , കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി (Scheme for revival of MSMEs with stressed assets, Defunct MSME units and cashew processing units)<br><br>5. ചെറുതും ഇടത്തരവുമായ കശുവണ്ടി ഫാക്ടറി യൂണിറ്റുകളുടെ പുനരുദ്ധാരണം പദ്ധതി<br><br>6. Rejuvenation of Industrial Co-operative Society Support Scheme (RICSSS) |

| | | | |
|---|---|---|---|
| | | | 7. വിപണന മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ.<br><br>8. സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി<br><br>കൂടാതെ പൊതുമേഖലാ സ്ഥാപനമായ കിൻഫ്ര വഴി ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.<br><br>1. പെട്രോ കെമിക്കൽ പാർക്ക്, കൊച്ചി.<br><br>2. കൊച്ചി ബാംഗ്ലൂർ ഇൻഡസ്ട്രിയൽ കോറിഡോർ, പാലക്കാട് & കൊച്ചി.<br><br>3. സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (ഘട്ടം - II), KFVP Thiruvananthapuram.<br><br>4. ഇലക്ട്രോണിക് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കൊച്ചി.<br><br>5. സ്പൈസസ് പാർക്ക്, തൊട്ടുപുഴ, ഇടുക്കി.<br><br>6. ഇന്റർനാഷണൽ എക്സിബിഷൻ കം കൺവെൻഷൻ സെന്റർ, കാക്കനാട്, കൊച്ചി.<br><br>7. കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്ക്, മട്ടന്നൂർ കണ്ണൂർ.<br><br>8. വ്യാവസായിക ജല വിതരണം, കൊച്ചി, പാലക്കാട്.<br><br>9. ബഹുനില കെട്ടിട സമുച്ചയം, അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, രാമനാട്ടുകര, കോഴിക്കോട്.<br><br>10. കിൻഫ്ര മെഗാ ഫുഡ് പാർക്ക് (ഘട്ടം II), പാലക്കാട്.<br><br>11. ലാൻഡ് ബാങ്ക്. |
| (സി) | സംസ്ഥാനത്ത് പുതിയതായി എത്ര തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാനായിട്ടുണ്ടെന്നും അതുവഴി എത്ര പേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ടെന്നും വിശദമാക്കാമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത് വരെയുള്ള കണക്കുകൾ പ്രകാരം സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിൽ സംസ്ഥാനത്ത് ആകെ 2,33,079 സംരംഭങ്ങൾ ആരംഭിക്കുകയും അത് വഴി 5,18,168 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തു.<br><br>സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 2022 ഏപ്രിൽ 1 മുതൽ 2024 ജനുവരി 27 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് ആകെ 2,18,676 സംരംഭങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഇതിലൂടെ 13,842 കോടി രൂപയുടെ നിക്ഷേപവും 4,65,176 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. |
| (ഡി) | പുതുതായി എന്തെല്ലാം പദ്ധതികൾ നടപ്പാക്കാനാണ് വ്യവസായ വകുപ്പ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ? | (ഡി) | സംരംഭക വർഷത്തിന്റെ വിജയം കണക്കിലെടുത്ത്, 2023-24 സാമ്പത്തിക വർഷവും സംരംഭകവർഷത്തിന്റെ ഭാഗമായി നടത്തിയിരുന്ന |

പദ്ധതികളെല്ലാം തുടർന്ന് കൊണ്ടു പോകാൻ സർക്കാർ ലക്ഷ്യം വെയ്ക്കുന്നു. സംരംഭകവർഷം 2.0 എന്ന പേരിലാണ് പദ്ധതി നടത്തുന്നത്. ഇതിന്റെ ഭാഗമായി കഴിഞ്ഞ വർഷത്തെപോലെ ഈ വർഷവും പുതിയ സംരംഭങ്ങൾ തുടങ്ങുന്നവരെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ചുവടെ പറയുന്ന വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

1) പുതുതായി രൂപീകരിച്ച സംരംഭങ്ങളുടെ വിജയവും സുസ്ഥിരതയും ഉറപ്പാക്കുന്നതിന്റെ ഭാഗമായി, MSME സുസ്ഥിരത പദ്ധതി നടപ്പിലാക്കാൻ സർക്കാർ പദ്ധതിയിടുന്നു.

2) കേരളത്തിലെ MSME-കളിൽ നിന്നും തിരഞ്ഞെടുക്കുന്ന 1000 MSME-കളെ നാല് വർഷത്തിനുള്ളിൽ ആകെ ഒരു ലക്ഷംകോടി വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാരിന്റെ സ്കെയിൽ അപ്പ് മിഷൻപദ്ധതിയായ "മിഷൻ 1000” വിഭാവനം ചെയ്തിട്ടുണ്ട്.

3) താല്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപ്പന്നം (One Local body One Product-OLOP) എന്ന ആശയം നടപ്പിലാക്കാനും പ്രസ്തുത ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായം നൽകുന്നതിനുള്ള പദ്ധതി ഈ വർഷം നടപ്പിലാക്കുന്നു.

4) കേരളത്തിൽ നിർമിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിന് അവയെ സഹായിക്കുന്നതിനുമായി കേരള ബ്രാൻഡ് പദ്ധതി നടപ്പിലാക്കുന്നു.

5) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഉപയോഗശൂന്യമായി കിടക്കുന്ന ഭൂമി വ്യവസായത്തിന് ഉപയുക്തമാക്കുന്നതിനായി ക്യാമ്പസ് വ്യവസായ പാർക്ക് പദ്ധതി, സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെയും സ്ഥാപനങ്ങളു ടെയും അധീനതയിലുള്ള ഉപയോഗ ശൂന്യമായ ഭൂമി വ്യവസായ വികസനത്തിനായി ഉപയോഗപ്രദ മാക്കുന്നതിനായി സഹകരണ പാർക്ക് പദ്ധതി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമി വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗപ്രദമാക്കുന്നതിനായി പി.പി.പി

| | | | |
|---|---|---|---|
| | | | മോഡലിലുള്ള വ്യവസായ പാർക്ക് പദ്ധതി എന്നീ പദ്ധതികൾ നടപ്പിലാക്കുവാനും ധനസഹായം നൽകുവാനും ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ